# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2022
മെയ് 1


## ഉയിർപ്പ് മൂന്നാം ഞായർ



# പ്രാർത്ഥിക്കാനും പണിയെടുക്കാനും...

ഉത്പ 3:17-19 23-24, കൊളോ 3:14-17, മത്താ 13:53-58

സൃഷ്ടി കർമത്തിന്റെ ഏഴാം ദിവസം വിശ്രമിക്കുന്ന ദൈവം മഹത്വത്തിന്റെ കിരീടമാണ് അധ്വാനത്തിനു നൽകുന്നത്.

അധ്വാനത്തിന്റെ വിയർപ്പ് നൽകുന്ന സ്വാഭാവിക ആരോഗ്യം ആണ് ശരീരത്തിനും മനസ്സിനും ഉത്തമം എന്ന് നമുക്കറിയാം. മെയ് ഒന്ന് തൊഴിലാളി ദിനം.

## തൊഴിലാളികളോടു നീതി

വേട്ടയാടി ജീവിച്ചിരുന്ന മനുഷ്യൻ ഒരിടത്തു താമസിച്ചു കൃഷി ചെയ്തു തുടങ്ങിയതാണ് കുടുംബവ്യവസ്ഥയുടെ വളർച്ചക്ക് കാരണമായത്. പിന്നീട് അത് സാമൂഹ്യജീവിതത്തിനും വഴിതെളിയിച്ചു. മനുഷ്യന്റെ ധാർമികത ഇന്ന് കുടുംബജീവിതവുമായി ഏറെ ഇഴ ചേർന്നിരിക്കുന്നു . തൊഴിലെടുത്തും അധ്വാനിച്ചും ജീവിച്ചു സ്വന്തം കുടുംബത്തിനോടു വിശ്വസ്തത പുലർത്തുന്നവർ ദൈവത്തോടും സമൂഹത്തോടും വിശ്വസ്തരാണ്. വിശ്വസ്തരെയാണ് ദൈവം തന്റെ പ്രത്യേക പദ്ധതികളിൽ എന്നും പങ്കാളിയാക്കുന്നത് എന്ന് പഴയ നിയമവും പുതിയ നിയമവും അനേകം യഥാർത്ഥ ജീവിത കഥകളിലൂടെയും ഉപമകളിലൂടെയും നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ദൈവത്തിനു ജനിക്കുവാനായി ഭൂമിയിൽ ഒരുക്കപ്പെടുന്ന മാതാപിതാക്കളായി തെരഞ്ഞെടുക്കപ്പെടുന്ന മറിയത്തിന്റെയും യൗസേപ്പിന്റെയും യോഗ്യതയും നാളതുവരെ അവർ തങ്ങളുടെ ദൈവത്തോടും ജീവിതത്തോടും പുലർത്തിയ വിശ്വസ്തത ആണ്. യേശുവിന്റെ ശിഷ്യത്വവും എന്നും എല്ലാവരോടും ആവശ്യപ്പെടുന്ന അടിസ്ഥാന ഗുണം വിശ്വസ്തത തന്നെയാണ്. ആരും പതറി പോകുന്ന സാഹചര്യത്തിൽ തന്നിൽ വിശ്വസ്തത പുലർത്തിയ ഒരു കന്യകയെ വിഷമഘട്ടത്തിൽ തന്നോട് ചേർത്തുനിർത്തുന്ന ഒരു ഹൃദയം നമുക്ക് ഔസേപ്പിതാവിൽ കാണാം. തന്റെ നെറ്റിയിലെ വിയർപ്പു കൊണ്ട് കുടുംബം പോറ്റിയ ഔസെപ്പിതാവ് തിരുകുടുംബത്തിന്റെ നെടുംതൂണാണ്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴൽ എന്നാണ് വിശുദ്ധ യൗസേപ്പിതാവിന് യേശുവുമായുള്ള ബന്ധത്തെക്കുറിച്ച് നിർവചിക്കുക. യേശു വളർന്നത് ആ മരപ്പണിക്കാരന്റെ




അഡ്വ. ലിറ്റോ പാലത്തിങ്കൽ

വിയർപ്പിൽ നിന്നുള്ള അപ്പം ഭക്ഷിച്ചാണ്. കഠിനജോലിചെയ്തു ഉണ്ടാക്കിയ സത്യമുള്ള പണമാണത്. ഒരു തൊഴിലാളി, അവൻ ശരീരം കൊണ്ടും അദ്ധ്വാനം കൊണ്ടും നേടിയെടുക്കുന്ന വരുമാനം സൃഷ്ടി കർമ്മത്തിലെ അവന്റെ പ്രതിഫലമാണ്. അതിനെ യേശുവും ബഹുമാനിക്കുന്നുണ്ട്. മീൻപിടിച്ചും ക്ലേശജോലികൾ ചെയ്തും ജീവിച്ചിരുന്നവരെ ആണ് യേശു തന്റെ ശിഷ്യരാകാൻ വിളിക്കുന്നത്.

പണിയെടുക്കുന്നവർക് നീതിയുള്ള പ്രതിഫലം, ശമ്പളം, കൂലി എന്നിവ യേശു സുവിശേഷത്തിൽ പലയിടത്തും ഉദാഹരിക്കുന്നുണ്ട്.

1955 -ൽ പയസ് പന്ത്രണ്ടാമൻ മാർപാപ്പയാണ് മെയ് 1 തൊഴിലാളിയായ വിശുദ്ധ ഔസേപ്പ് പിതാവിന്റെ തിരുനാൾ ദിനമായി പ്രഖ്യാപിച്ചത്. തൊഴിലാളിയായ ഔസേപ്പിതാവിനാൽ വളർത്തപ്പെട്ട യേശു സ്ഥാപിച്ച കത്തോലിക്ക സഭ മനുഷ്യന്റെ അധ്വാനത്തെ എന്നും വിലമതിച്ചിട്ടുണ്ട്. 1891 -ൽ ലിയോ പതിമൂന്നാമൻ പുറത്തിറക്കിയ റേരും നോവാരും, അതിന്റെ നാല്പതാം വാർഷികത്തിൽ പീയൂസ് പതിനൊന്നാമൻ പുറത്തിറക്കിയ 'ക്വാദ്രാജെസിമോ ആന്നോ' എന്നിവ അധ്വാനിക്കുന്ന തൊഴിലാളിക്ക് നീതി ലഭിക്കേണ്ടതിനെ കുറിച്ച് സഭയുടെ നിലപാട് വ്യക്തമാക്കുന്നുണ്ട് . തുടർന്ന് റേരും നോവാരും പുറത്തിറങ്ങിയതിന്റെ തൊണ്ണൂറാം വാർഷികത്തിൽ 1981 ഇൽ ജോൺ പോൾ രണ്ടാമനും (On human work) Caritas in Veritate -ൽ ബെനഡിക്ട് പതിനാറാമനും തൊഴിലാളി പ്രസ്ഥാനങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുന്നുണ്ട് . ഇന്ന് ലോകം കടുത്ത പ്രതിസന്ധികളിലൂടെ കടന്നു പോകുമ്പോൾ അതിന്റെ ക്ലേശം ഏറ്റവും കൂടുതൽ അനുഭവിക്കുക കുടുംബം പോറ്റാൻ നിത്യവരുമാനത്തിനായി തൊഴിലെടുത്തു ജീവിക്കുന്ന നമ്മുടെ നാട്ടിലെ സാധാരണ തൊഴിലാളികൾ ആണെന്നും അവർ നമ്മുടെ നീതിയും ശ്രദ്ധയും അർഹിക്കുന്നു എന്നും നാം മറക്കരുത്.

## അദ്ധ്വാനം, വിശ്വസ്തത

യൗസേപ്പിതാവിന്റെ ഓർമയിൽ തൊഴിലാളി ദിനം നാം ആചരിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും രണ്ടു കാര്യങ്ങൾ ഉറപ്പു വരുത്താൻ നമുക്ക് കഴിയട്ടെ . ഒന്ന് , അദ്ധ്വാനിച്ചുള്ള ജീവിതം. രണ്ട് , വിശ്വസ്തത ഉള്ള ജീവിതം. ഇവ രണ്ടും പരസ്പരബന്ധിതമാണ്. അവനവനോട് വിശ്വസ്തത പുലർത്തുന്ന ഒരാൾക്ക് അലസത ഒരു സമയത്തും സാധ്യമല്ല . തനിക്കു ദൈവം തന്നിട്ടുള്ള താലന്തുകൾ, കഴിവുകൾ, മികവുകൾ എന്നിവ മടി കൂടാതെ പതിന്മടങ്ങായി വർധിപ്പിക്കുവാൻ ആത്മാർഥമായി ശ്രമിക്കുമ്പോൾ ഒരുവൻ അവനവനോടും അവന്റെ കുടുംബത്തോടും സമൂഹത്തോടും ദൈവത്തോടും ഉള്ള അവന്റെ കടമയും ഉത്തരവാദിത്തവും വിശ്വസ്തതയോടെ നിറവേറ്റുകയാണ് ചെയ്യുന്നത്. ആ അധ്വാനം ദൈവം കാണുകയും യേശു അവന്റെ കുടുംബത്തിൽ ജനിക്കുകയും അവന്റെ ജീവിതം അർത്ഥ പൂർണമാവുകയും ചെയ്യും. അങ്ങിനെ കഠിനമായി അദ്ധ്വാനിക്കുന്ന തൊഴിലാളികളെ വിലമതിക്കാനും അവർക്കു ന്യായമായ കൂലി ഉറപ്പു വരുത്താനും നമുക്കും സമൂഹത്തിനും ചുമതല ഉണ്ട്. അവരുടെ വീടുകളിൽ വളരുന്ന ഉണ്ണീശോകളെ നന്നായി വളർത്തുവാൻ അവർക്കു ശരിയായ ശമ്പളവും കൂലിയും അവർ പണിയെടുത്തു ഉണ്ടാക്കുന്ന വസ്തുക്കൾക്കും പച്ചക്കറിക്കും വ്യവസായ ഉൽപ്പന്നങ്ങൾക്കും ശരിയായ വിലയും ലഭിക്കേണ്ടതുണ്ട്. ഇതെല്ലാം ഉറപ്പു വരുത്താൻ നാം ശ്രമിക്കണം. സഭ ഇന്ന് യൗസേപ്പിതാവിന്റെ തൊഴിൽ ജീവിതത്തെ കുറിച്ച് ധ്യാനിക്കുവാൻ നമ്മോട് ആവശ്യപ്പെടുമ്പോൾ അലസത കൂടാതെ അദ്ധ്വാനിച്ചുള്ള ജീവിതവും അതുവഴി കുടുംബത്തോടും സമൂഹത്തോടും ദൈവത്തോടും ഒരു പോലെ വിശ്വസ്തത ഉള്ള ജീവിതവും ആകട്ടെ നമ്മുടെ ലക്ഷ്യം.

## പ്രാർത്ഥന

വിശ്വസ്തതയിൽ പതറിപ്പോയ പത്രോസിനെ ഇന്നത്തെ സുവിശേഷത്തിൽ യേശു സ്നേഹം കൊണ്ട് വീണ്ടെടുക്കുന്ന ഭാഗം നാം ശ്രവിച്ചു. വർഷങ്ങൾ കൂടെ നടത്തി പരിശീലിപ്പിച്ചിട്ടും വേണ്ടത്ര മുന്നറിയിപ്പുകൾ നൽകിയിട്ടും പരീക്ഷണ ഘട്ടത്തിൽ തന്റെ ബോധ്യങ്ങളിൽ നിന്ന് ഒളിച്ചോടിയ പത്രോസിനെയും അപമാനകരമായ ഒരു വിവരം അറിഞ്ഞു പതറിയ നിമിഷത്തിൽ സ്വപ്നത്തിൽ ലഭിച്ച ഒരു അറിയിപ്പിനെ അതാണ് ദൈവത്തിന്റെ തീരുമാനമെന്ന് തിരിച്ചറിഞ്ഞു നിശബ്ദമായി അത് സ്വീകരിച്ച ഔസേപ്പിതാവിനേയും നമ്മുടെ സാധാരണ ജീവിതത്തിൽ നമുക്ക് നമ്മളിൽ തന്നെ കണ്ടെത്താൻ കഴിയും. ഇവിടെയാണ് ദൈവാനുഗ്രഹത്തിൽ ആശ്രയിക്കുന്ന ഒരു തച്ചന്റെ വിജയം.

എല്ലാ ശരി തെറ്റുകളും നമുക്ക് മാനുഷിക ചിന്തയിൽ മാത്രം നിർണയിക്കാവുന്നതും മനസ്സിലാക്കാവുന്നതും അല്ല എന്നും ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള പ്രാർത്ഥനാ ജീവിതമാണ് ശരിയായ വഴികൾ കണ്ടെത്താനുള്ള ഏക സാദ്ധ്യത എന്നും ഔസേപ്പിതാവ് നമ്മെ പഠിപ്പിക്കുന്നു. മാതാവിനോടും മറ്റ് ശിഷ്യന്മാരോടും ചേർന്നു പ്രാർത്ഥനാ ജീവിതത്തിലേക്ക് തിരിച്ചു വരുന്ന പത്രോസും തന്റെ ജീവിതം യേശുവിനോടുള്ള വിശ്വസ്തതയിൽ പുനഃസ്ഥാപിക്കുന്നതു നാം ഇന്നത്തെ സുവിശേഷത്തിൽ കാണുന്നു .

ബെനെഡിക്റ്റിൻ motto ആയി അറിയപ്പെടുക " Ora et labora " AXmbXp 'Pray and work." എന്നാണ് . നമ്മുടെ ജോലിഭാരങ്ങളും അദ്ധ്വാനവും ദൈവത്തോടുള്ള പ്രാർത്ഥനയായി മാറുമ്പോൾ നമ്മുടെ ശരീരവും ആത്മാവും ഒരു പോലെ ബലപ്പെടുകയും ഔസേപ്പിതാവിനെയും പത്രോസിനെയും പോലെ നാം ദൈവ തീരുമാനത്തിന് വിധേയപ്പെട്ടു സ്വർഗ്ഗപ്രാപ്തി നേടുകയും ചെയ്യും. ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com